# മഴത്തുള്ളി



LITTLE KITES UNIT
2019-2021

SABTMHSS THAYINERI

# മഴത്തുള്ളി

SABTMHSS THAYINERI

LITTLE KITES UNIT 2019-2021

## താളുകളിൽ


ആമുഖം....................................................4
ആശംസകളോടെ.......................................5
മഞ്ഞു തുള്ളിയുടെ ആത്മകഥ..................6
അച്ഛന്റെ സ്നേഹം.......................................6
ഭംഗിയുള്ള പൂമ്പാറ്റ....................................7
കാർമേഘം.................................................7
അമ്മക്കിളിയും കുഞ്ഞിക്കിളിയും............8
അമ്മയും കുഞ്ഞും.......................................9
അണ്ണാരക്കണ്ണൻ.....................................10
അഹങ്കാരം ആപത്ത്..............................10
അച്ഛനും മക്കളും......................................11
നിഴൽ......................................................12
കാൽപന്ത് കളി.......................................12
പത്തിരി ചുട്ടൊരു പാത്തുമ്മ...................13
ഉള്ളിയുടെ തേങ്ങൽ...............................13
ഉള്ളതും പോയി.......................................14
കുഞ്ഞിപ്പൂച്ച...............................................14
ഉപ്പ.........................................................15
അഹങ്കാരിയായ താറാവ്.......................16
ബുദ്ധിമാനായ കുറുനരി............................16
രാജ്യഭാരമേറ്റ നായ................................17
അഴകുള്ള പൂക്കൾ...................................18
ചായ.........................................................18
അരക്കുകൊണ്ടൊരു കൊട്ടാരം...............19
മഴ...........................................................19
അഹങ്കാരത്തിന്റെ ഫലം.........................20
പഠിച്ച തീരാത്ത അറിവ്........................21
സൂക്ഷിച്ചൊ..............................................21
കുരങ്ങൻ സൂത്രം.....................................22
യാത്ര വിവരണം.....................................22
പാത്തുമയുടെ ആട്..................................23
ആനക്കുട്ടിപാഠംപഠിച്ചേ..........................24
മരം കൊത്തി..........................................24
തവളയുടെ ബുദ്ദി......................................25
കൂട്ടുകാർ.................................................25
കേരളം.....................................................26

# ആമുഖം

വിവരസാങ്കേതിക വിദ്യ
വിജ്ഞാനത്തിന്റെ അനന്ത
സാധ്യതകളിലേക്ക് വാതായനങ്ങൾ
തുറന്നിടുകയാണ്.
ഭാഷയും സാഹിത്യവും സാങ്കേതിക
വിദ്യയിലൂടെ പുതിയ വർണ്ണങ്ങളിൽ
മഴയായി പെയ്യുകയാണ്.
കുഞ്ഞുമനസ്സിന്റെ അകത്തളങ്ങളിൽ
നാമ്പിട്ട ഭാവനയും ചിന്തയും വരകളും
വർണങ്ങളുമായി...
സപ്തവർണങ്ങളിൽ നിങ്ങളുടെ
മുന്നിലെത്തിക്കാനുള്ള എളിയ ശ്രമം മാത്രം...
എല്ലാനിറങ്ങളും പകിട്ടായിട്ടില്ലെങ്കിലും...
സാങ്കേതികവിദ്യയിലൂടെ ആർജിച്ച ശേഷികൾ
മറ്റു വിഷയങ്ങളിൽ കൂടി വ്യാപിച്ച്
വർണാഭമാക്കുന്നതിന്റെ
തുടക്കം മാത്രം...

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# ആശംസകളോടെ

തായിനേരി എസ്.എ.ബി.ടി.എം.എച്.എസ്. സ്കൂൾ വിദ്യാർത്ഥികളുടെ വിവര സാങ്കേതിക വിദ്യാപോഷണത്തിനായി വർധിച്ചുവരുന്ന "ലിറ്റിൽ കൈറ്റ്സ്" എന്ന ക്ലബ് ഒരു സപ്ലിമെന്റ് പ്രകാശനം ചെയ്യുന്നതായി അറിഞ്ഞു. വർത്തമാന കാലഘട്ടത്തിൽ മനുഷ്യന് വായു, വെള്ളം, വെളിച്ചം എന്നവ പോലെ അത്യന്താപേക്ഷിതമാണ് വിവര സാങ്കേതിക വിദ്യ. ജീവിതത്തിന്റെ വിവിധ മേഖലകളും ഇന്ന് ഐടി ബന്ധിതമാണ്. അതുകൊണ്ടുതന്നെ അവയിൽ അവഗാഹം നേടുകയെന്നത് ഇന്നിന്റെ വിദ്യാഭ്യാസ മേഖലയുടെ വെല്ലുവിളിയാണ്. അവർക്ക് പ്രചോതനമാകും വിധം പ്രവർത്തിച്ചുവരുന്ന ഈ കൂട്ടായ്മയ്ക്ക് സർവവിധ ഭാവുകങ്ങളും നേർന്നു കൊള്ളുന്നു.

അബ്ദുൾ മുത്തലിബ്
മാനേജർ, എസ്.എ.ബി.ടി.എം.
എച്.എസ്.എസ് , തായിനേരി

പ്രിയ കൂട്ടുകാരെ,

നിത്യ ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ളതാണ് ഇന്റഫോർമേഷൻ ടെക്നോളജി. നിങ്ങളുടെ പഠനപ്രവർത്തനത്തിന്റെ ഒരു ഉത്പന്നമായ ഈ-മാഗസിൻ ആഹ്ലാദത്തോടു കൂടി ശ്രേഷ്ഠ വിദ്യാലയത്തിന് സമർപ്പിക്കുന്നു. സ്നേഹത്തിന്റെ ഭാഷയിൽ എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

ഹെഡ്മാസ്റ്റർ
**മധുസൂധനൻ ടി എം**

# മഞ്ഞു തുള്ളിയുടെ ആത്മകഥ

**രഞ്ജിനി.കെ 8 ബി**

ഞാൻ മഞ്ഞു തുള്ളി.നിങ്ങൾ മനുഷ്യർക്ക് എന്റെ കഥ അറിയാമോ?എന്നെ കാണാൻ ഭയങ്കര ഭംഗിയുണ്ടെങ്കിലും എന്റെ കഥ ദുഖം നിറഞ്ഞതാണ്, പണ്ട് ജലതുള്ളികൾ ഖാഷ്പീകരിച്ചാണ് ഞാൻ ഉണ്ടായത്.എന്നും രാവിലെ നിങ്ങൾക്കെന്നെ കാണാൻ കഴിയും

നീ അന്തരിക്ഷത്തിലൂടെ ഒഴുകി നടന്നിട്ടുണ്ടോ?എന്തു രസമായിരിക്കും,അങ്ങനെ പോയാൽ.കളവ് നിരോദിച്ച ലോകത്ത് ഞാൻ ജനിച്ചു,എന്റെ അച്ചനുമമ്മയും മേഘങ്ങളാണ്.

എന്റെ മരണം എപ്പോഴാണെന്ന് എനിക്കറിഞ്ഞു കൂടാ.എന്നാലും രാവിലെ നിങ്ങള് എന്നെ കാണുമ്പോഴുള്ള സന്തോഷമാണ് എനിക്ക് വലുത്.ഹോ,നേരം കുറേയായി,വെയിലും വന്നു.ഞാൻ പോകട്ടെ...

---

# അച്ഛന്റെ സ്നേഹം

**മുബീന 5-D**

ഒരിടത്ത് ഒരു അച്ഛനും മകനുമുണ്ടായിരുന്നു അച്ഛന് കാഴ്ചയില്ല. ഒരു ദിവസം അച്ഛനും മകനും പൂന്തോട്ടത്തിൽ ഇരിക്കുകയായിരുന്നു . മകൻ പത്രം വായിക്കുകയായിരുന്നു . കുറച്ച് സമയം കഴിഞ്ഞപ്പോൾ അച്ഛൻ ചെടികളുടെ ഇടയിൽ നിന്ന് ഒരു ശബദം കേട്ടു . അച്ഛൻ മകനോട് ചോദിച്ചു .

"അതെന്താണ് മകനേ ഒരു ശബ്ദം കേട്ടത്?”

മകൻ മറുപടി പറഞ്ഞു "അച്ഛാ, അതൊരു കിളിയാണ്.”

വീണ്ടും അച്ഛൻ മകനോട്ചോദിച്ചു. "അതെന്താണ് മകനേ ശബ്ദം?”, വീണ്ടും മകൻ അച്ഛനോട് പറഞ്ഞു "അതൊരു പക്ഷിയാണ്.

വീണ്ടും അച്ഛൻ മകനോട് ഈ ചോദ്യം തന്നെ ചോദിച്ചു. മകന് ദേഷ്യം വന്നു എന്നിട്ട് മകൻ പറഞ്ഞു നിങ്ങളോടു എത്ര പ്രവിശ്യമായി പറയുന്നു അത് ഒരു കിളിയാണ്. അച്ഛൻ സങ്കടത്തോടെ അകത്ത് നിന്ന് ഒരു ഡയറി എടുത്ത് വന്ന് അത് മകന് കൊടുത്തു.മകൻ അത് വായിച്ചു കരഞ്ഞു . അതിനു ശേഷം അച്ഛൻ മകനോട് പറഞ്ഞു മകന്റെ ബാല്യത്തിൽ മകൻ ചോദിച്ച ചോദ്യങ്ങൾക്ക് ഒക്കെ അച്ഛൻ ദേഷ്യപ്പെടാതെ തന്നെ ഉത്തരങ്ങൾ നല്കിക്കൊണ്ടേയിരുന്നു. അത് വായിച്ചപ്പോൾ മകൻ പൊട്ടികരഞ്ഞ് അച്ഛനെ കെട്ടിപ്പിടിച്ചു ഉമ്മ നൽകി.

## ഭംഗിയുള്ള പൂമ്പാറ്റ

ഗൗതം ഗിരീഷ് 3 സി

പൂമ്പാറ്റ പൂമ്പാറ്റ  ഭംഗിയുള്ള പൂമ്പാറ്റ
പറന്നുവന്ന് തേൻ നുകരും ഭംഗിയുള്ള പൂമ്പാറ്റ
പലവർണ്ണങ്ങളിൽ പറന്നു പറക്കും ചന്തമുള്ള  പൂമ്പാറ്റ
എന്നും എല്ലാവരുടെയും സ്വപ്നം വിരിയും ശലഭം നീ...
കണ്ണിൻ മുന്നിൽ നീ വന്നാൽ മനസ്സിൻ ഉള്ളിൽ ആനന്ദം
ഭൂമിയിൽ നിന്നുടെ ആയുസ്സെന്നാൽ
മൂന്ന് ദിനമെന്നറിഞ്ഞിട്ടും
എന്നാലും എല്ലാവരുടെയും ചിത്രശലഭം നീയല്ലേ...

---

## കാർമേഘം

രാഖി കെ 1 A

എൻ പ്രിയ എൻ പ്രിയ
കാർമേഘ കൂട്ടമേ
നീയൊന്ന് ഭൂമിയിൽ വന്നാലും
നീയില്ലെങ്കിൽ ജന്മമില്ല
നീയില്ലെങ്കിൽ ചെടികളില്ല
നീയില്ലെങ്കിൽ മൃഗങ്ങളില്ല
നീയില്ലെങ്കിൽ ഒന്നുമില്ല
എൻ പ്രിയ എൻ പ്രിയ
കാർമേഘ കൂട്ടമേ
നീയൊന്ന് ഭൂമിയിൽ വന്നാലും

---

*The Woods are lovely dark and deep*
*But I have promises to keep*
*And miles to go before I sleep*
*And miles to go before I sleep*

# അമ്മക്കിളിയും കുഞ്ഞിക്കിളിയും

പ്രിയ പി 5 C

ഒരു ദിവസം ഒരു അമ്മക്കിളിയുടെ മൂന്ന് കുഞ്ഞുങ്ങളും ഭയങ്കരമായ ഉച്ചത്തിൽ കരയുകയായിരുന്നു അപ്പോൾ അപ്പുറത്തെ മരത്തിൽ മറ്റൊരു അമ്മ കുഞ്ഞുങ്ങൾക്ക് ആഹാരം കൊടുക്കുകയായിരുന്നു അതിൽ ഒരു കുഞ്ഞിക്കിളി പറഞ്ഞു അമ്മേ എനിക്ക് ആഹാരം വേണ്ടാ അപ്പുറത്തെ മരത്തിലെ കിളികൾക് കൊടുത്തേക്ക്. അമ്മക്കിളി അപ്പുറത്തെ മരത്തിലേക് പോയി. കുറച്ച് കഴിഞ്ഞിപ്പോൾ കുഞ്ഞുങ്ങളുടെ അമ്മ വന്നപ്പോൾ ആ കിളി തിരിച്ച് കൂട്ടിലേക്ക് മടങ്ങാൻ വേണ്ടി പറന്ന് ഉയർന്നപ്പോൾ ഒരു വലിയ കാറ്റും മഴയും വന്നു അപ്പോൾ കിളി തെറിച്ച് വീണു അതിന്റെ ചിറക് ഒടിഞ്ഞു . അപ്പോൾ അപ്പുറത്തെ മരത്തിലെ വല്യ കിളികൾ വന്ന് എടുത്ത് കിളിയുടെ കൂട്ടിലെത്തിച്ചു.

കുറേ നാളുകൾക് ശേഷം കിളിയുടെ ചിറകുകൾ ശരിയായി എന്നിട്ട് അമ്മ കിളി കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കാൻ തീരുമാനിച്ചു . കുഞ്ഞുങ്ങളോട് മരത്തിൽ നിന്ന് ചാടി ചിറകടിച്ച് പറക്കാൻ ആവശ്യപെട്ടു അവർ അതനുസരിച്ച് കൂട്ടിൽ നിന്ന് ഒരോരുത്തരായി ചാടി എന്നിട്ട് അവർ വാനങ്ങളിലേക്ക് അവരുടെ കുഞ്ഞു ചിറകുകളാൽ ഉയർന്നു അമ്മ അവരോട് എല്ലാവരും ഒരുമിച്ച് പോയി ഭക്ഷണം കൊണ്ടുവരാൻ പറഞ്ഞു അവർ ഭക്ഷണം തിരക്കി പോയി.

കുറച്ച് കഴിഞ്ഞ് തിരിച്ച് വന്ന കുഞ്ഞുങ്ങൾ കണ്ട കാഴ്ച്ച അവർക് താങ്ങാൻ കഴിഞ്ഞില്ല അവരുടെ അമ്മ അവരെ വിട്ട് പിരിഞ്ഞു.

---

*How can I admire the beauty of Statue*
*When living men starve at its feet*

# അമ്മയും കുഞ്ഞും

ദേവരാഗ്.ടി. എ 5 എ

ഒരു വലിയ വലിയ താമരക്കുളത്തിന്റെ അടുത്തായിരുന്നു അമ്മക്കിളിയും കുഞ്ഞിക്കിളിയും താമസിച്ചിരുന്നത്. എല്ലാദിവസവും അമ്മക്കിളി തീറ്റതേടി കുഞ്ഞിക്കിളിക്ക് കൊണ്ടുക്കൊടുക്കുമായിരുന്നു. ഒരു ദിവസം കുഞ്ഞിക്കിളി അമ്മയോടു ചോദിച്ചു, അമ്മേ...അമ്മേ..ഞാൻ പറക്കാൻ പൊയ്ക്കോട്ടേ? എന്ന്. അപ്പോൾ അമ്മ പറഞ്ഞു, വേണ്ട വേണ്ട..ഇപ്പൊ പോയാ അപകടമാ... എന്ന്.

പിറ്റേ ദിവസം അമ്മക്കിളി തീറ്റതേടാൻ പോയി. തക്ക സമയം നോക്കി കുഞ്ഞിക്കിളി പറക്കാൻ തുടങ്ങി. എന്നാൽ അവൾക്ക് ഒരു കാര്യം അറിയില്ലായിരുന്നു. സന്ധ്യയായാൽ താമരപ്പൂവ് കൂമ്പുമെന്ന്. സൂര്യൻ അസ്തമിച്ചപ്പോൾ താമരപ്പൂവ് മെല്ലെ മെല്ലെ കൂമ്പാൻ തുടങ്ങി. കുഞ്ഞിക്കിളിയാണെങ്കിൽ അതിനകത്ത് പെട്ടും പോയി. അമ്മക്കിളി തീറ്റയുമായി കൂട്ടിലേക്കു തിരിച്ചെത്തി. കുഞ്ഞിക്കിളിയെ എവിടെയും കാണാനില്ലായിരുന്നു. അവൾ അവിടെയൊക്കെ അന്വേഷിച്ചു. എവിടെയും കണ്ടില്ല. അവൾ വിഷമത്തോടെ താമരക്കുളത്തിനരികിൽ ചെന്നിരുന്നു.

പിറ്റേ ദിവസമായപ്പോൾ താമരപ്പൂവ് മെല്ലെ മെല്ലെ വിടരാൻ തുടങ്ങി. അപ്പോൾ അതാ കുഞ്ഞിക്കിളി താമരയിൽ ഇരിക്കുന്നു. അമ്മക്കിളി അവളെ കണ്ടയുടനെ അവളെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു. അപ്പോൾ കുഞ്ഞിക്കിളി പറഞ്ഞു, അമ്മേ ..... ഞാനിനി അനുസരണക്കേട് കാട്ടില്ല എന്ന്. അങ്ങനെ അമ്മക്കിളി കുഞ്ഞിക്കിളിയേയും കൂട്ടി കൂട്ടിലേക്ക് പറന്നുപോയി.....

---



# അണ്ണാരക്കണ്ണൻ

ആലിയ അബ്ദുള്ള IV-B

അങ്ങേ കൊമ്പത്ത് ഒരു മാങ്ങ
ഇങ്ങേ കൊമ്പത്ത് ഒരു മാങ്ങ
ആനകുലുക്കി വീണില്ല
ആള് കുലുക്കി വീണില്ല
പിറ്റേ ദിവസം കാലത്ത്
അണ്ണാൻ വന്നു കൊമ്പത്ത്
തൊട്ടു തൊടാതെ കടിച്ചപ്പൊൾ
മാങ്ങ വീണു താഴത്ത്

---

# അഹങ്കാരം ആപത്ത്

-ശ്രേയ സതീഷ് 4 സി

പണ്ട് പണ്ട് ആൽമരക്കാട് എന്ന് പേരുള്ള ഒരു കാടുണ്ടായിരുന്നു. അവിടത്തെ മുയലുകളിൽ പാവമായിരുന്നു ചൊന്നു എന്ന മുയൽ. അവൾക്ക് ഒരു മകളുണ്ട് . ചിന്നു . മഹാ അഹങ്കാരിയായിരുന്നു. അവൾക്ക് താൻ വലിയ ഒരു ചിത്രകലാകാരിയാണെന്ന ഒരു വിചാരം ഉണ്ടായിരുന്നു. അങ്ങനെ കാട്ടിലൊരു മത്സരം വന്നു. ജിറാഫുചേട്ടൻ വിളിച്ചുപറഞ്ഞു "ഏറ്റവും നന്നായി ആര് ചിത്രം വരക്കുന്നുവോ അവർക്ക് ഒരു സമ്മാനം.''

അങ്ങനെ ആ ദിവസം വന്നെത്തി. ചിന്നു മത്സരത്തിനു തയ്യാറായി നിന്നു. അവളുടെ കൂടെ മത്സരിക്കാൻ ആരും തയ്യാറായില്ല. അവസാനം കുരങ്ങുണ്ണിയെത്തി. ഞാൻ മത്സരിക്കാം എന്ന് കുരങ്ങുണ്ണി പറഞ്ഞു. ജിറാഫുചേട്ടന് സന്തോഷമായി. അപ്പോൾ അഹങ്കാരത്തോടെ ചിന്നു "കുരങ്ങുണ്ണി..നീ എന്നോട് മത്സരിച്ച് തോൽക്കാൻ വന്നതാണോ? "എന്ന് ചോദിച്ചു. "സാരമില്ല ചിന്നൂ തോറ്റാലും പ്രശ്നമില്ല. പങ്കെടുക്കുകയും പരിശ്രമിക്കുകയുമാണ് വേണ്ടത് '' കുരങ്ങുണ്ണി പറഞ്ഞു. അതൊന്നും ചിന്നു കേട്ടില്ലാന്ന് നടിച്ചു. മത്സരം തുടങ്ങി.

ഇരുവർക്കും ഒരു മണിക്കൂർ സമയമാണ് നൽകിയത്. ചിന്നു ഒരു കരടിയുടെ ചിത്രമാണ് വരച്ചത്. കുരങ്ങുണ്ണി ഒരു ഗ്രാമത്തിൻ്റെയും. അങ്ങനെ മത്സരം അവസാനിച്ചു. എവരും പ്രതീക്ഷിച്ചതുപോലെ തന്നെ നടന്നു. ജിറാഫുചേട്ടനു സന്തോഷമായി. കുരങ്ങുണ്ണിയുടെ ചിത്രം

അതിമനോഹരമായിരുന്നു. കുരങ്ങുണ്ണി വിജയിച്ചു. ചിന്നു തോൽവി സമ്മതിച്ചു. അപ്പോൾ ചിന്നുവിനു ഒരു കാര്യം മനസ്സിലായി.

അമിത അഹങ്കാരം ആപത്ത്

# അച്ഛനും മക്കളും

- ശ്വേത പ്രകാശ് 6 ജി

പണ്ടുപണ്ട് ഒരു ഗ്രാമത്തിൽ ചെറിയൊരു കുടിൽ ഉണ്ടായിരുന്നു. ആ കുടിലിൽ താമസിച്ചിരുന്നത് അച്ഛനും രണ്ട് പെൺ മക്കളുമായിരുന്നു. അവരുടെ അമ്മ അവരുടെ ചെറു പ്രായത്തിൽ തന്നെ മരിച്ചുപോയിരുന്നു. പിന്നീട് അയാൾ വളരെ കഷ്ടപ്പെട്ടായിരുന്നു കുട്ടികളെ വളർത്തിയിരുന്നത്.

അങ്ങനെയിരിക്കെ കുട്ടികളേയും കൂട്ടി അയാൾ പുഴ കാണിച്ചുതരാം എന്നു പറഞ്ഞ് അയാൾ കുട്ടികളെ കൊണ്ടുപോയി. നേരം രാത്രിയായി. അവർ ഒരു ചെറിയ മരച്ചുവട്ടിൽ കിടന്നുറങ്ങിപ്പോയി. നേരം വെളുത്തപ്പോൾ അച്ഛനെ കാണാനില്ല. അച്ഛാ.... അച്ഛാ....എന്നും വിളിച്ച് അവർ കുറേ കരഞ്ഞു. അപ്പോഴാണ് കുതിരവണ്ടിയുമെടുത്ത് കുതിരക്കാരൻ വന്നത്. കുതിരക്കാരൻ കുട്ടികളോട് ചോദിച്ചു എന്താ മക്കളേ കരയുന്നേ.....അപ്പോൾ കുട്ടികൾ പറഞ്ഞു നമ്മുടെ അച്ഛനെ കാണാനില്ല. കുതിരക്കാരൻ ചോദിച്ചു നിങ്ങടെ അമ്മയോ? നമ്മുടെ അമ്മ നമ്മുടെ ചെറുപ്രായത്തിൽ തന്നെ മരിച്ചുപോയി.

കുതിരക്കാരന് സഹതാപം തോന്നി രണ്ടു കുട്ടികളേയും വണ്ടിയിൽ ഇരുത്തി അയാളുടെ വീട്ടിൽ കൊണ്ടുപോയി. അയാളുടെ ഭാര്യയ്ക്ക് കുട്ടികളില്ലാത്തതുകൊണ്ട് അവരുടെ മക്കളെ പോലെത്തന്നെ വളർത്തി വലുതാക്കി. ഇപ്പോഴും എപ്പോഴും ആ രണ്ടു പെൺകുട്ടികളും അവരുടെ അച്ഛനെ കാത്തിരിക്കുന്നുണ്ട്...

*Time's winged chariot is hurrying near*

# നിഴൽ

ദേവപ്രിയ.എൻ.പി 6-B

എന്റെ ക്രൂടെയാണതിൻ സഞ്ചാരം,
എന്റെ ക്രൂടെയാണതിൻ നിമിഷങ്ങൾ
സൂര്യപ്രകാശത്തിൽ ഞാനതുകാണുന്നു
എന്റെ ശരിയായ രൂപം ഞാൻകാണുന്നു

ഞാൻ ചിരിക്കുമ്പോഴുമെന്റെ ക്രൂടേ,
ഞാൻ കരയുമ്പോഴുമെന്റെ ക്രൂടേ,
എന്റെ നിഴലെൻ ആത്മസുഹൃത്ത്
എന്റെ ശരീരത്തിലെ സുഹൃത്ത്

പൊള്ളും വെയിലത്തു ഞാൻ നടക്കുമ്പോഴും
എന്റെ നിഴലെൻ ക്രൂടെയുണ്ടാകുന്നു
തറയിൽ കാണുന്നു എന്റെ രൂപം
ഞാനൊന്നു പുഞ്ചിരിച്ചാൽ തിരിച്ചും
എന്നോടു പുഞ്ചിരിക്കും ക്രൂട്ടുകാരി

---

# കാൽപന്ത് കളി

അഭിനവ് 6 c

നമ്മുടെ കേരളത്തിൽ വിവിധ ക്ലബ്ബുകളിലും വായന ശാലകളിലും മറ്റു സ്ഥലങ്ങളിലും കുട്ടികളും മുതിർന്നവരും കളിച്ചുവരുന്ന കളിയാണ് കാൽപന്തുകളി (ഫുട്ബോൾ). നാം മലയാളികളേവരേയും കളിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു കളിയാണ് ഈ കളി.

പതിനൊന്നുപേരെ കൊണ്ടു മാത്രമല്ല, ഒൻപതു പേരെകൊണ്ടും ഏഴുപേരെകൊണ്ടും അഞ്ചും മൂന്നും പേരെകൊണ്ടും കളിക്കാവുന്നതാണ്. ഈ കളിയുടെ നിയമങ്ങൾ എന്തെന്നാൽ മൂന്നാളുകൾ കളിക്കുമ്പോൾ ചെറിയ പോസ്റ്റുകൊണ്ടാണ് കളിക്കുന്നത്. അഞ്ചും ഏഴും പതിനൊന്നുംപേർ കളിക്കുമ്പോൾ വലിയ പോസ്റ്റുകൾ കൊണ്ടാണ് കളിക്കുന്നത്. ഈ കളി കളിക്കുമ്പോൽ ആളുകലുടെ എണ്ണം അനുസരിച്ചുവേണം സ്ഥലം വലുതാവാൻ. ഈ കളി വളരെ നല്ലൊരു കളിയാണ്.

## പത്തിരി ചുട്ടൊരു പാത്തുമ്മ

മുഹമ്മദ് നജാൻ.പി.പി 1 B

പണ്ട് പണ്ട് പണ്ട് ........ ഒരു പാവം പാത്തുമ്മ ഉണ്ടായിരുന്നു. പത്തിരി ചുട്ട് വിൽകലായിരുന്നു പാത്തുമ്മയുടെ ജോലി. പതിവു പോലെ പാത്തുമ്മ പത്തിരിചുട്ടു വച്ചു. കുറച്ചു സമയം കഴിഞ്ഞു പാത്തുമ്മ പത്തിരി നോക്കുമ്പോൾ പത്തിരി കാണ്മാനില്ല. പാത്തുമ്മാക്ക് സങ്കടം വന്നു.

പിറ്റേന്നും പാത്തുമ്മ പത്തിരി ചുട്ടു വച്ചു. അന്നും പത്തിരി കാണ്മാനില്ല. പിന്നെ പത്തിരി തിന്നുന്നത് ആരാണെന്ന് അറിയാൻ വേണ്ടി പാത്തുമ്മ വാതിലിന്റെ പിറകിൽ ഒളിച്ചിരുന്നു. അതാ പത്തിരി തിന്നാൻ തടിച്ചു കൊഴുത്ത തവള ചാടി ചാടി വരുന്നു. പാത്തുമ്മ ദേഷ്യത്തോടെ ആ തവളയെ കയ്യിൽ എടുത്തു. എന്നിട്ട് പറഞ്ഞു, നിന്നെ ഞാൻ ജീവനോടെ വെച്ചേക്കില്ല. നിന്നെ ഞാൻ കൊല്ലും .അപ്പോൾ തവള കരഞ്ഞുകൊണ്ട് പറഞ്ഞു, "നീ എന്നെ എന്തു വേണമെങ്കിലും ചെയ്തോ, എന്നെ നീ പുഴയിൽ ചാടരുത് “.

ഇതുതന്നെ തക്കം, പുഴയിൽ തന്നെ ചാടിക്കൊല്ലാം. പാത്തുമ്മ വിചാരിച്ചു. തവളയെ പുഴയിലേക്ക് വലിച്ചെറിഞ്ഞു. പുഴയിൽ വീണ തവള പാത്തുമ്മാക്ക് റ്റാറ്റയും പറഞ്ഞ് നീന്തി രക്ഷപ്പെട്ടു.

---

## ഉള്ളിയുടെ തേങ്ങൽ

പണ്ട് പണ്ട് ഒരു കാട്ടിൽ നാല് കൂട്ടുകാരുണ്ടായിരുന്നു. ഉള്ളി, തക്കാളി, പച്ചമുളക്, ഉരുളക്കിഴങ്ങ്. ഒരു ദിവസം അവർ നാല് പേരും ക്രിക്കറ്റ് കളി തുടങ്ങി . കുറച്ച് കഴിപ്പോൾ എല്ലാവർക്കും നല്ല ദാഹം തോന്നി. അവർ നടന്ന് ഒരു പുഴക്കരയിൽ എത്തി . ആദ്യം ഉള്ളി വെള്ളം കുടിച്ചു. പിന്നെ ഉരുളക്കിഴങ്ങും . തക്കാളിയും വെള്ളം കുടിച്ചു. നാലാമതായി വെള്ളം കുടിക്കാനിറങ്ങിയ പച്ചമുളക് കാൽ വഴുതി വീണ് ഒഴുകിപ്പോയി. കൂട്ടുകാരനെ നഷ്ടപ്പെട്ട ഉള്ളിയും ,തക്കാളിയും, ഉരുളക്കിഴങ്ങും കുറേ നേരം സങ്കടപ്പെട്ടു കരഞ്ഞു.

# ഉള്ളതും പോയി

**നവ്യ അനീഷ് IV-ബി**

ഒരു കരടിയും,സിംഹവും ഒരു പാവം മാനിന്റെ മേൽ ചാടിവീണു.മാൻ ചത്തു ആരാണ് മാനിനെ കൊന്നതെന്ന് അവർ തമ്മിൽ തർക്കമായി.താനാണ് മാനിനെ കൊന്നതെന്നും അതിനാൽ മാൻ തനിക്കുള്ളതാണെന്നും രണ്ടു പേരും പറഞ്ഞു.

തർക്കം മൂത്ത് അടിയിലേക്കെത്തി.സിംഹവും, കരടിയും തമ്മിൽ പൊരിഞ്ഞ അടിനടന്നു. ഒടുവില് രണ്ടു പേരും ക്ഷീണിച്ചവശനായി നിലത്തുവീണു. രണ്ടു പേരും കൂടി കൊന്നു വീഴത്തിയ മാനിനെ തിന്നാനെന്നല്ല,അതിന്റെ അടുത്തെത്താൻ പോലും ശക്തിയില്ലാത്ത ഒരു കുറുക്കൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

കരടിയും,സിംഹവും ക്ഷീണിച്ച് നിലത്ത് വീണ തക്കം നോക്കി അത് മാനിനെയും കൊണ്ട് സ്ഥലം വിട്ടു. സിംഹവും,കരടിയും പരസ്പരം നോക്കി.മുക്കത്ത് കൈവച്ച് പറഞ്ഞു "നാമെത്ര മണ്ടൻ മാരാണ്.നമുക്ക് കിട്ടേണ്ടിയിരുന്നത് കണ്ടു നിന്നവൻ കൊണ്ടു പോയില്ലേ! അടി കോണ്ടത് മിച്ചം."

ഗുണപാഠം: മണ് ചാരി നിന്നവൻ പെണ്ണ് കൊണ്ട് പോയി.

---

# കുഞ്ഞിപ്പൂച്ച

***ആയിഷ ഷാഫി 1 ബി***

കൊച്ചുപൂച്ചക്കുഞ്ഞിനൊരു
കൊച്ചളി പറ്റി
കൊച്ചിവെച്ച ചൂടു പാൽ
ഓടിച്ചെന്ന് നക്കി
കുഞ്ഞു നാവ് പൊള്ളിയപ്പോൾ
കുഞ്ഞു പൂച്ച കേണു
മ്യാവൂ... മ്യാവൂ... മ്യാവൂ...
മ്യാവൂ... മ്യാവൂ...

# ഉപ്പ

എം സഹർഷാദ് 1 C

വിയർത്തൊരു പുഴയായ്
ഒഴുകിയൊരുപ്പ
ഉണ്ണാതെ  ഉറങ്ങാതെ
ഊട്ടിയൊരുപ്പ
പ്രാരാബ്ധം പേറിയും
ചിരിക്കുന്നൊരുപ്പ
മക്കൾതൻ നോവിൽ
വിതുമ്പുന്നൊരുപ്പ
സർവ്വവും സ്വരക്കൂട്ടു-
ന്നൊരുപ്പ
മെഴുകപോലുരുകി
തീരുന്നൊരുപ്പ
മക്കൾക്ക് ഭാരമായ്-
തീരുമ്പോഴോർക്കുമോ-
ഉപ്പാക്ക് തുണയേകാൻ
വിയർത്തൊരു പുഴയായ്
ഒഴുകിയൊ...

---

**You are what you think you are**

# അഹങ്കാരിയായ താറാവ്

സൽമാൻ 5 ബി

ഒരിടത്ത് ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് കുറെ കോഴികളും കുറേ താറാവുകളും ഉണ്ടായിരുന്നു. താറാവിൻ കൂട്ടത്തിൽ ഒരു സുന്ദരിയായ താറാവുണ്ടായിരുന്നു. അവളുടെ പേര് മീനു എന്നായിരുന്നു.

മീനു ഒരു ഭയങ്കര അഹങ്കാരിയായിരുന്നു. എല്ലാവരെക്കാളും കേമൻ ഞാനാണെന്നാണ് അവളുടെ വിചാരം. അവൾ മറ്റൊരാളിടെയും കൂട്ട് കൂടില്ല .ഒറ്റയ്ക്കേ നടക്കൂ. അതുകൊണ്ട് കോഴിയമ്മയും താറാവമ്മയും അവളെ ഉപദേശിച്ചു.പക്ഷേ അതൊന്നും അവൾ ചെവി കൊണ്ടില്ല."എന്റെ കൂടെ നടക്കാനുള്ള സൗന്ദര്യമൊന്നും മറ്റാർക്കുമില്ല". അവൾ പറഞ്ഞു.

അങ്ങനെ ഒരു ദിവസം അവൾ ഒറ്റ്ക്ക് അതാ ഒരു കുറുക്കൻ വരുന്നു. അവൾ പേടിച്ചോടി. അവിടെ അടുത്തെങ്ങും കോഴികളോ താറാവുകളോ ഉണ്ടായിരുന്നില്ല. അവൾ ഓടുന്നത് പൂവൻകോഴി കണ്ടു.അവൻ ഉച്ചത്തിൽ ഒച്ച വെച്ചു.അത് വീട്ടിലെ മറ്റുകോഴികൾ ഏറ്റുപിടിച്ചു .ഒച്ച കേട്ട് കൃഷിക്കാരൻ ഓടി വന്നു.അപകടം മണത്ത കുറുക്കൻ ഓടി രക്ഷപ്പെട്ടു.

താറാവിന് അവളുടെ തെറ്റ് മനസ്സിലായി. അവൾ അഹങ്കാരമൊക്കെ മാറ്റി വെച്ച് മറ്റുള്ളവരുമായി കൂട്ടുകൂടാൻ തുടങ്ങി.

---

# ബുദ്ധിമാനായ കുറുനരി

നജിയ ഇസ്മയിൽ 4 ബി

ഒരു കാട്ടിൽ ഒരു കുറുനരി ഉണ്ടായിരുന്നു . ആ കുറുനരിക്ക് ഒരു ചങ്ങാതി ഉണ്ടായിരുന്നു. ആ കുറുനരിയുടെ ചങ്ങാതിയുടെ പേരാണ് കുറുക്കൻ.അവന്റെ ചങ്ങാതി കുറുക്കൻ ഒരു സൂത്രക്കാരനാണ്.ഒരു ദിവസം കുറുക്കൻ കുറുനരിയെ പറ്റിച്ചു.അന്ന് കുറുനരി ഒരു സൂത്രം കണ്ട് പിടിച്ചു . അന്ന് നല്ല ചങ്ങാതിമാരായി മാറി.

# രാജ്യഭാരമേറ്റ നായ

അക്ഷയ്.കെ.ഇ 7 F

പണ്ട് പണ്ട് ഒരിടത്ത് ഒരു രാജ്യമുണ്ടായിരുന്നു. അവിടെ നായകൾ മാത്രമാണ് താമസിക്കുന്നത്. അതിൽ ഒരു നായയുടെ പേര് ജിംബൻ എന്നായിരുന്നു.

ഒരിക്കൽ അവൻ അടുത്ത രാജ്യത്ത് കോഴിയെ പിടിക്കാൻ പോയി. അവിടത്തെ രാജാവ് ടോമി എന്നു പറഞ്ഞ ഒരു നായയായിരുന്നു. ഇദ്ദേഹത്തിന്റെ മന്ത്രിയായിരുന്നു ജിംബൻ. രാജാവ് മന്ത്രിയെ അന്വേഷിച്ചു. ഭടന്മാർ പറഞ്ഞു അങ്ങുന്നേ ഇന്നലെ രാത്റി മന്ത്രി കൊട്ടാരം വിട്ടു പോകുന്നത് കണ്ടു. നിങ്ങൾ ഇതെന്തുകൊണ്ട് എന്നോട് പറഞ്ഞില്ല. രാജാവ് ചോദിച്ചു . എല്ലാവരും മിണ്ടാതെ നിന്നു. രാജാവ് കല്പിച്ചു, മന്ത്റിയെ കണ്ടെത്തുന്നവർക്ക് ആയിരം സ്വർണ്ണ നാണയം സമ്മാനം. എല്ലാവരും തിരച്ചിൽ തുടങ്ങി. അഞ്ച് ദിവസം കഴിഞ്ഞിട്ടും മന്ത്റിയെ കിട്ടിയില്ല. എന്താ കാര്യം, കോഴിയെ പിടിക്കാൻ ചെന്ന മന്ത്രി ഛായം നിറച്ച പാത്രത്തിൽ വീണു നായയുടെ നിറം. ചുവപ്പായി.

മന്ത്രി സ്വന്തം നാട്ടിൽ തിരിച്ചെത്തി. ആർക്കും ഇത് മന്ത്രിയാണെന്ന് മനസ്സിലായില്ല. അത് തിരിച്ചറിഞ്ഞ മന്ത്രി പറഞ്ഞു, ഞാൻ ദൈവം പറഞ്ഞിട്ട് വന്നതാണ്. ഈ രാജ്യത്ത് ഒരു അപകടം വരും. അതൊഴിവാക്കാനാണ് എന്നെ പറഞ്ഞുവിട്ടത്. എല്ലാവരും അത് വിശ്വസിച്ചു. എന്നിട്ട് അവനെ രാജാവാക്കി.

ഒടുവിൽ ആ ഛായം ചെറുതായിട്ട് പോകാൻ തുടങ്ങിയപ്പോൾ രാജാവിന് മനസ്സിലായി. കുറേ നാൾ കഴിഞ്ഞപ്പോൾ ഛായം മുഴുവനായി പോയി. അപ്പോൾ അത് നായയാണെന്ന് തിരിച്ചറിയുകയും ആ മന്ത്രിയെ ആ രാജ്യത്തുനിന്ന് ഓടിക്കുകയും ചെയ്തു. അങ്ങനെ ടോമിക്ക് ആ രാജ്യം തിരിച്ചു കിട്ടി

---

All that glitters are not gold

# അഴകുള്ള പൂക്കൾ

**വാസിർ മുഹമ്മദ് സി.എച്ച്**

വെളുത്ത ചെമ്പരത്തി ചുവന്നു
ചെമ്പരത്തിക്ക് ചന്തം വന്നു
അതു കണ്ട് മറ്റു പൂക്കൾക്കും മോഹം
"ഞങ്ങൾക്കും വേണം,
ഞങ്ങൾക്കും വേണം".
അമ്മ മറ്റു പൂക്കൾക്കും നിറം നൽകി
പൂക്കൾ കാറ്റിൽ ആടി രസിച്ചു
പൂക്കൾക്ക് സന്തോഷമായി
ഒരാൾക്ക് മാത്രം സങ്കടം

---

# ചായ

**മുഹമ്മദ് മുസ്തഫ *1 B***

ചായ നല്ല ചായ
ചൂടു ചൂടു ചായ
പാലൊഴിച്ച ചായ
പതഞ്ഞു പൊന്തി ചായ
രുചിച്ചു നോക്കി ചായ
അയ്യോ പഞ്ചസാര ഇല്ലേ

---

***When you reach the end of your rope, tie a knot in it and hang on***

# അരക്കുകൊണ്ടൊരു കൊട്ടാരം

കൃഷ്ണ വേണി ആറാംതരം

ധൃതരാഷ്ട്ര മഹാരാജാവിന്റെ മക്കളായിരുന്നു കൗരവർ അദ്ദേഹത്തിന്റെ അനുജനായ പാണ്ഡുവിന്റെ മക്കളായിരുന്നു പാണ്ഡവർ.കൗരവർ നൂറ്റിയാണു പേരുണ്ടായിരുന്നു.പാണ്ഡവർ അഞ്ചുപേരും.പാണ്ഡവർ മിടുമിടുക്കരായി വളർന്നു.

കൗരവർക്ക് അവരുടെ അസൂയയാതൊന്നി കൗരവരില്ലേ മൂത്തസഹോദരനായ ദുര്യോധനൻ പാണ്ഡവരെ നശിപ്പിക്കാനുള്ള വഴികൾ ആലോചിച്ചു. കൗരവർ പലതരത്തിലും പാണ്ഡവരെ ഉപദ്രവിച്ചെങ്കിലും അവർ അതിൽ നിന്നെല്ലാം രക്ഷപെട്ടു.

ഒടുവിൽ ദുര്യോധനൻ പാണ്ഡവർക്കായി പുതിയ ഒരു കൊട്ടാരം പണി കഴിപ്പിച്ചു, മനോഹരമായി. "രാത്രി ആ കൊട്ടാരത്തിന് തീ വയ്ക്കണം",ദുര്യോധനൻ മന്ത്രിയോട് പറഞ്ഞു. അരക്കിക്കൊണ്ടാണ് കൊട്ടാരം ഉണ്ടാക്കിയിരിക്കുന്നതെന്ന് പാണ്ഡവർക്ക് അറിവ് കിട്ടി.കൊട്ടാരത്തിന് തീ വയ്ക്കുവാൻ ദുര്യാധനൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും അവർ അറിഞ്ഞു. ആരുമറിയാതെ ഇക്കൊട്ടാരത്തിൽ നിന്നും പുറത്തു കടക്കണം. പാണ്ഡവർ അതിനുള്ള വഴികൾ ആലോചിച്ചു, ഒടുവിൽ കാട്ടിലേക്ക് ഭൂമിക്ക് അടിയിൽക്കൂടെ ഒരു തുരങ്കമുണ്ടാക്കാൻ അവർ തീരുമാനിച്ചു.

തീ പിടിക്കുമ്പോൾ അതിലൂടെ രക്ഷപെടാൻ. അവർ കരുതിയിരുന്നു ദുര്യോധനന്റെ മന്ത്രി ഒരു രാത്രി അരക്കില്ലത്തിനു തീ കൊടുത്തു വിചാരിച്ചു പാണ്ഡവർ മരിച്ചുവെന്ന് പക്ഷെ ആ രാത്രി തുരങ്കത്തിലൂടെ അവർ രക്ഷപെട്ടു കാട്ടിലെത്തി. കുറേനാൾ കഴിഞ്ഞാണ് ദുഷ്ടനായ ദുര്യോധനൻ പാണ്ഡവർ രക്ഷപെട്ടത് അറിഞ്ഞത്.

---

# മഴ

ആകാശത്തിന്റെ കാരിരുമ്പിൽ
തവള കരയുമ്പോള്
എൻ മഴയുടെ വരവിനെ
ഞാൻ കാത്തിരുന്നു
ചന്നം പിന്നം എൻ
മഴ വന്നു

# അഹങ്കാരത്തിന്റെ ഫലം

*-ദേവപൊതുവാൾ 6 F*

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ദരിദ്രനായ കൃഷക്കാരനും അയാളുടെ അമ്മയും ജീവിച്ചിരുന്നു. അയാൾക്ക് ഉടുക്കുവാൻ നല്ല വസ്ത്രം,കഴിക്കാൻ നല്ല ഭക്ഷണം പോലും ഇല്ലായിരുന്നു. എല്ലാ ദിവസവും അയാൾ നല്ല ഭക്ഷമാണെന്ന് വിചാരിച്ച് പുഴയിലെ വെള്ളം കുടിക്കുന്നുണ്ടായിരുന്നു, പിന്നെ ഒരു ദിവസം അയാൾ വെള്ളം കുടിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് വെള്ളത്തിൽ നിന്ന് ജലദേവത പൊങ്ങി വന്നു.അയാൾ ഞെട്ടിപ്പോയി .അയാളുടെ അവസ്ഥകണ്ട ദേവത ചോദിച്ചു,

നിങ്ങൾക്ക് എന്ത് ആഗ്രഹമുണ്ടെങ്കിലും എന്നോട് ചോദിച്ചോളൂ.

അയാൾ ആഗ്രഹം ചോദിച്ചു . എനിക്കും എന്റെ അമ്മയ്ക്കും എപ്പോഴും നല്ല ഭക്ഷണം വേണമെന്ന് അയാൾ പറഞ്ഞു. ജലദേവത സമ്മതം മൂളി. നിങ്ങൾ എപ്പോഴാണോ ഈ നദിക്കരയിൽ വരുന്നത് അപ്പോഴൊക്കെ അവിടെ ഒരു പാത്രമുണ്ടാകും. അതിൽ നിങ്ങൾ ക്കിഷ്ടപ്പെട്ട ഭക്ഷണവുമുണ്ടാകും. ജലദേവത പറഞ്ഞതുപോലെ അയാൾ നദിക്കരയിൽ *എത്തി . അവിടെ ഒരു പാത്രം കണ്ടു ,എന്നിട്ട് അയാൾ അത് തുറന്നപ്പോൾ .നല്ല ഭക്ഷണം കണ്ടു അയൾ വീട്ടിൽ കൊണ്ടുപോയി അയാളുടെ അമ്മയ്ക്കും കൊടുത്ത് കഴിച്ചു . എല്ലാ ദിവസവും ഇങ്ങനെ പതിവായി അയാളും അയാളുടെ അമ്മയും ജോലി ചെയ്യാതെ അഹങ്കാരിയായി , പിന്നെ ജലദേവത ഇത് കണ്ട് ഇയാൾക്ക് ഒരു നല്ല ശിക്ഷ കൊടുക്കണമെന്ന് മനസ്സിൽ വിചാരിച്ചു .*

*പിറ്റേ ദിവസം അയാൾ വന്ന് പാത്രം തുറന്നപ്പോൾ പെട്ടെന്ന് ഒരു കൈ വന്ന്* അയാളുടെ മുഖത്ത് ഒരു ഒറ്റ അടി. അയാൾ നോക്കിയപ്പോൾ ജലദേവതയെ കണ്ടു.അയാൾ ചോദിച്ചു എന്തിന് എനിക്ക് ഇങ്ങെനെ ഒരു ശിക്ഷ തന്നു.ജലദേവത പറഞ്ഞു നീ അഹങ്കാരിയായിരിക്കുന്നു അതു കൊണ്ട് ഞാൻ നിനക്ക് ഭക്ഷണം തരുകയില്ല നീ സ്വന്തം അധ്വാനം കൊണ്ട് ജീവിക്ക് എന്ന് പറഞ്ഞ് ജലദേവത അപ്രത്യക്ഷമായി .അയാൾ പിന്നെ ജോലി ചെയ്യാൻ തുടങ്ങി , പണം സമ്പാദിച്ച് ജീവിച്ചു.

***അധ്വാനിക്കാതെ ലഭിക്കുന്നതൊന്നും ഏറെ നാൾ നീണ്ടു നിൽക്കില്ല***

# പഠിച്ചു തീരാത്ത അറിവ്

ഫാത്തിമ. സി.എച്ച് 6 A

കാശിയിലെ രാജാവായ ചന്ദ്രസേനന് ഒരു മന്ത്രിയെ വേണം. തന്നെപ്പോലെ കലയിലും ശാസ്ത്രങ്ങളിലും ആയുധ വിദ്യയിലുമെല്ലാം അറിവുള്ള ആളാവണം മന്ത്രി. എന്നാൽ ആഹങ്കാരം തീരെ ഉണ്ടാവാനും പാടില്ല.

വിവരമറിഞ്ഞ് നാലു യുവാക്കൾ രാജാവിന്റെ അടുത്തെത്തി. "കലകളും ശാസ്ത്രങ്ങളും ആയുധ വിദ്യയുമെല്ലാം നിങ്ങൾക്ക് എത്രത്തോളം അറിയാം ?" രാജാവ് അവരോട് തിരക്കി .

കൂട്ടത്തിൽ മൂന്നുപേരുടെയും മറുപടി ഏതാണ്ട് ഇങ്ങനെയായിരുന്നു "അതെല്ലാം പച്ചവെള്ളംപോലെ അറിയാം പ്രഭോ!.വേണ്ട അവസരം വരുമ്പോൾ ഞങ്ങൾ തെളിയിക്കുകയും ചെയ്യാം".

എന്നാൽ നാലാമനായ മാനവേന്ദ്രൻ പറഞ്ഞത് ഇങ്ങനെയാണ് "കലയും ശാസ്ത്രങ്ങളുമെല്ലാം അടിയനും പഠിച്ചിട്ടുണ്ട്.എന്നാൽ ഇനിയും പഠിക്കാൻ ധാരാളമുണ്ട് എന്നാണ് തോന്നിയിട്ടുള്ളത്". അഹങ്കാരം ഒട്ടുമില്ലാത്തതും സത്യസന്തനുമായ ഈ മറുപടി ചന്ദ്രസേനന് ഇഷ്ടപ്പെട്ടു.അദ്ദേഹം അവനെ മന്ത്രിയാക്കുകയും ചെയ്തു.

---

# സൂക്ഷിച്ചോ

ശിവനന്ദ

ഇടവപ്പാതി കാർ മഴ
മാനത്തിൽ കാണുമ്പോൾ
മാനം നോക്കിപ്പാടുന്ന
തവളച്ചേട്ടാ കേട്ടോളൂ
പാട്ടിച്ചിരി കുറച്ചോ
ചേരചേട്ടൻ കണ്ടിട്ടും
കണ്ടുകഴിഞ്ഞാൽ ചേരച്ചാർ
തൊണ്ടതൊടാതെ അകത്താകും

# കുരങ്ങൻ സൂത്രം

ഷഹാസ് അഹമ്മദ്

പണ്ട് പണ്ട് ഒരു കാട്ടിൽ മുതലയും കുരങ്ങനും ഉണ്ടായിരുന്നു മുതലയുടെ മാതാവിന് അസുഖത്തിനാൽ കുരാങ്ങന്റെ ഹൃദയം വേണം. മുതല നീന്തി നീന്തി പോകുമ്പോൾ ഒരു കുരങ്ങനെ കണ്ടു. എന്നിട്ട് മുതല കുരങ്ങനെ വിളിച്ച് ഒരു സ്ഥലംവരെ പോയി. എന്നിട്ട് മുതല പറഞ്ഞു. എന്റെ സഹോദര എന്റെ മാതാവ് അസുഖമായതിനാൽ നിന്റെ ഹൃദയം വേണം എന്നിട്ട് കുരങ്ങൻ പറ ഞ്ഞു. എന്നാൽ നീ നേരത്തേ പറയാമായിരുന്നില്ലേ എന്റെ ഹൃദയം ഞാൻ അവിടെ വെച്ചിട്ടാണ് വന്നത്. മുതല പറഞ്ഞു. എന്നാൽ ഞങ്ങൾ എടുത്തിറ്റു വരാം. മുതലയും കുരങ്ങലും പോയി. എന്നിട്ട് അവൻ പറഞ്ഞു നീ എന്താ വിചാരിച്ചത് എൻറെ ഹൃദയം നിനക്ക് തരുമെന്ന്.ഇതാണ് കുരങ്ങൻ സൂത്രം.

***ഇത് പറഞ്ഞ് എന്റെ കൊച്ചു കഥ നിർത്തുന്നു...***

---

# യാത്ര വിവരണം

കദീജ സക്കരിയ്യ 5 C

ഞാൻ നാലാം ക്ലാസ്സിൽ നിന്ന് സാധുവിലും പാമ്പ് വളർത്തു കേന്ദ്രത്തിലുമാണ് പോയത്. എന്റെ അധ്യാപകൻ, കൂട്ടുകാരുമാണ് പോയത്. ഞങ്ങൾ പോകുമ്പോൾ ബസ്സിൽ നിന്ന് പലതര പലഹാരങ്ങളും കഴിച്ചു. ആദ്യം ഞങ്ങൾ പാമ്പുവളർത്തു കേന്ദ്രത്തിലാണ് പോയത്. അവിടെ മീനുകൾ, മൃഗങ്ങൾ, പാമ്പുകളുമുണ്ടായിരുന്നു. അതിനുശേഷം സാധുവിലേക്ക് പോയി. അവിടന്ന് ആദ്യം ഒരു പ്രേതഗൃഹയിലാണ് കയറിയത്. അത് കണ്ട് ഞങ്ങൾ ആകാശത്തൊട്ടിലിലാണ് കയറിയത്. ഇങ്ങനെ ഒരുപാട് കളി സൗകര്യങ്ങളുണ്ടായിരുന്നു.പിന്നെ നമുക്ക് എല്ലാർക്കും സ്ക്രൂളിന്റെ വക ഐസ്ക്രീം വാങ്ങിത്തന്നു.

അതിനുശേഷം ഭക്ഷണം കഴിച്ച് വെള്ളത്തിലേക്ക് കളിക്കാൻ വിട്ടു. ഞങ്ങൾ എല്ലാവരും ഒരുപാട് കളിച്ചു രസിച്ചു. പിന്നീട് ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.ഈ അനുഭവം ഞാൻ ഒരിക്കലും മറക്കില്ല.

# പാത്തുമ്മയുടെ ആട്

*എഴുത്തിന്റെ സുൽത്താൻ അല്ലെങ്കിൽ ബേപ്പൂർസുൽത്താൻ എന്നാണ് ബഷീർ പൊതുവേ അറിയപ്പെടുന്നത് . സുൽത്താൻ എന്നാണ് അറിയപ്പെടുന്നതെങ്കിലും സാധാരണ ജീവിതത്തിനുടമയാണ് ബഷീർ എന്തുകൊണ്ടും സമാനതകളില്ലാത ജീവിതമായിരുന്നു വൈക്കം മുഹമ്മദ് ബഷീറിന്റെത്. പാത്തുമ്മയുടെ ആട് എന്ന ബഷീർ ക്ലാസിക് ആദ്യമായി വായികുന്നത് സ്കൂളിൽ പഠിക്കുമ്പോഴാണ് . പിന്നീട് വർഷങ്ങള്ക്ക് ശേഷം അതു വായിക്കുമ്പോള് ഒരുതമാശ കഥ വായികുന്നത് പോലെ തോന്നി. എന്തുകൊണ്ട് വായനകാർ ഈ കൃതിയെ ഒരു ക്ലാസിക് ആയി വാഴ്ത്തുന്നു എന്ന ചോദ്യതിന് ഇപ്പോഴാണ് ഉത്തരം കിട്ടുന്നത്. ആ കഥകള്ളിൽ നമ്മള് കാണുന്ന നർമ്മം വായനക്കാരുടേതു മാത്രമാണ്. ആ കഥക്കള്ളിൽ വിവരിക്കുന്ന ജീവിത സാഹചര്യങ്ങള് ഒരിക്കലും യഥാർഥ ജീവിത്തിൽ നർമത്തിനു വഴി തിരിക്കുന്നവയല്ല.പാത്തുമ്മയുടെ ആട് വായിക്കുന്ന ഏതൊരു വ്യക്തിയും അതിലെ നർമ്മം ഓർത്തോർത്തു ചിരിക്കാൻ കഴിയും . പക്ഷെ അപ്പോഴും വായനക്കാർക് ആറിയുന്നില്ല ഒരു കുടുബത്തിലെ കൊടിയ ദാരിദ്ര്യമാണ് തങ്ങള് വായിച്ചുകൊണ്ടിരികുന്നതെന്ന് അത്രമേൽ വൈദഗ്ദ്യത്തോട് കൂടിയാണ് ബഷീർ നമ്മെ കഥയിലൂടെ നയിക്കുന്നത്. പാത്തുമ്മയുടെ ആട് എന്ന കഥയിൽ ബഷീറിന്റെ വീടെന്ന് പറയപ്പെടുന്ന ചുറ്റുപാടിൽ വന്നെത്തിയാൽ ആരുടെ ഹൃദയവും ഒന്ന് തെങ്ങും. ബഷീർ കേവലം ഒരു ആടിന്റെറ് പ്രസവത്തിനു ശേഷം അതിൻെറ്റ പാൽ വിറ്റു ജീവിത പ്രാരാബ്ദങ്ങൾ അലയിപിച്ചു കളയാൻ കാത്തിരിക്കുന്ന കുടുംബം! പക്ഷേ വായനകാരന് ആ കഷ്ടപ്പാട് അനുഭവപെടുന്നില്ല.*

---

***Let us sacrifice our today so that our children can have a better tomorrow***

## ആനക്കുട്ടിപാഠംപഠിച്ചേ......

ഗോവിന്ദൻ 7A

ഒരു കാട്ടിൽ ഒരു ആനക്കുട്ടിയും അതിന്റെ അമ്മയും ജീവിച്ചിരുന്നു.ആനക്കുട്ടി മഹാകുസൃതിയായിരുന്നു.അവന്റെ അമ്മ എപ്പോഴും പറയും "നീ വീട്ടുവിട്ട് പുഴക്കടവിലേക്കും മറ്റും പോകരുത് ".

ഒരു ദിവസം അമ്മആന ആഹാരം തേടി പുറത്തു പോയ സമയം ആനക്കുട്ടി ഒന്നു പുറത്തു നോക്കി .ഹായി എന്തുരസം....ആനക്കുട്ടിപുഴക്കടവിലേക്ക്പോയി.ആനക്കുട്ടി പുഴയിൽ ഇറ .പുഴയിൽ നല്ല ഒഴുക്കുണ്ടായിരുന്നു.ആനക്കുട്ടി പുഴയിൽ താണുപോയി.ഈ വിവരം പക്ഷിക്കൂട്ടം കണ്ടു.ഈ വിവരം പക്ഷിക്കൂട്ടം അമ്മആനയെ അറിയിച്ചു.അമ്മആന എത്തി ആനക്കുട്ടിയെ കരയ്ക്കെത്തിച്ചു.പിന്നീട് ഒരുക്കലും അമ്മആനയുടെ വാക്ക് കേൾക്കാതെ പുറത്തു പോയിട്ടില്ല.

---

# മരം കൊത്തി

കാർത്തിക്

മരംകൊത്തി,മരംകൊത്തി
മരത്തിലെന്താണ്
പറന്നെത്തി സ്ഥിരം കൊത്തി
യിരിപ്പത് എന്താ?
മരത്തിലുണ്ട് ചെറുപ്പുഴുക്കൾ
തരം പോലെയത് കൊത്തി
കഴിച്ചിടാനാ

---

Nothing is permanent except change

# തവളയുടെ ബുദ്ധി

ഒരു കുളത്തിൽ കുറേ മീനുകൾ സന്തോഷത്തോടെ ജീവിച്ചിരുന്നു. ഒരിക്കൽ അവിടേക്ക് കുറച്ച് കൊക്കുകൾവന്നു. ഹായ്, ഈ കുളത്തിൽ നിറയെ മീനുണ്ട് .ഇവിടെ നിന്നാൽ പിന്നത്തെ ക്കാര്യം കുശാലായി.കൊക്കുകൾ ആ കുളക്കരയിൽ താമസാക്കാൻ തീരുമാനിച്ചു. അങ്ങനെ കൊക്കുകൾ ദിവസവും മീനുകളെ പിടിച്ച് തിന്നാൻ തുടങ്ങി.കൊക്കിനെ പേടിച്ച് മീനുകൾക്ക് ജീവിക്കാൻ കഴിയാതെയായി.ഇങ്ങനെ പോയാൽ നമ്മളെല്ലാം കൊക്കുകളുടെ വയറ്റിലാകും. ഇതിന് ഒരു പരിഹാരം കണ്ടെത്തണം .മീനുകൾ  തീരുമാനിച്ചു. അവറ് തങ്ങളുടെ ക്രൂട്ടുകാരനായ തവളയുടെ സഹായം തേടി.കാര്യമറിഞ്ഞ തവള പറഞ്ഞു:ഒരു വഴിയുണ്ട്  നാളെ കൊക്കുകൾ വരുമ്പോൾ നിങ്ങളെല്ലാം ചത്തതു പോലെ അനങ്ങാതെ കിടക്കണം പിറ്റേന്ന് കൊക്കുകൾ വന്നപ്പോൾ തവള പറഞ്ഞു :അയ്യോ ഈ കുളത്തിലെ മീനിനെ തിന്നല്ലേ. അവറ്ക്ക് വലിയെരു രോഗം വന്നിട്ടുണ്ട് തവള പറഞ്ഞതുകേട്ട് കുളത്തിലേക്ക് നേക്കിയ കൊക്കുകൾ ഞെട്ടി. അവിടെയതാ മീനുകളെല്ലും ചത്തതുപോലെ അനങ്ങാതെ കിടക്കുന്നു. ഇവരെ തിന്നാൽ ജീവന് അപകടത്തിലാകും. അവർ കരുതി. കൊക്കുകൾ വേഗം മറ്റെരു സഥലം തേടിപ്പോയി. അങ്ങനെ മീനുകൾ രക്ഷപ്പെട്ടു. തങ്ങളുടെ ജീവൻ രക്ഷിച്ച തവളയോട് മീനുകൾ  നന്നി പറഞ്ഞു.

ആപത്തിൽ സഹായിക്കുന്നവരാണ്  യഥാറ്ത്ഥ ക്രൂട്ടുകാരെന്ന് അവറ്ക്ക് മനസ്സിലായി.

---

# ക്കൂട്ടുകാർ

**അഭിനവ്**

ഒരു ഗ്രാമത്തിൽ നല്ല  നാല് ക്രൂട്ടുകാർ  ഉ ണ്ടായിരുന്നു. അവർക്ക് പണമില്ല. ഒരിക്കൽ അവർ ഒരിമിച്ച്  നല്ല വീടുണ്ടാക്കാൻ തീരുമാനിച്ചു അവർ ചെറിയ വിട് ഉണ്ടാക്കി അവർ നാലു പേരും ജോലിക്ക് പോകാൻ തിരുമാനിച്ചു

അവർ ജോലിക്ക് പോയി കുറച്ചു് പണം അവർക്ക് നാലുപേർക്കും കിട്ടി രാത്രിയും അവർക്ക് ജോലിയുണ്ട്  അവർ രാത്രിയും ജോലിക്ക് പോയി. അവർ നാലുപേർക്കും വെറെ വെറെ സ്ഥലങ്ങളിലാണ് ജോലി. അങ്ങനെ ഒരു ദിവസം അവർ എല്ലാവർക്കും അവധിയാണ്. ആ അവധി ദിവസത്തിൽ തന്നെ അവരുടെ കൈ യിലുള്ള  എല്ലാ പണവും കഴിഞ്ഞിരുന്നു അവർ വൈകുന്നേരം വീട്ടിൽ എത്തി രാത്രി  ഭക്ഷണം വാങ്ങാൻ പണമില്ലാതെ അവർ പട്ടിണി കിടന്നു.

പിന്നീട് ഒരിക്കലും അവർ പണം വെറുതെ കളയാറില്ല  പീന്നിട് അവർ വീട്ടിൽ തന്നെ ഭക്ഷണം പാകം ചെയ്തു.

## കേരളം

കളരിപ്പയറ്റ് പിറന്ന നാട്
പച്ചപ്പിന്റെ നാട്
മലയാള ഭാഷതൻ പുണ്യനാട്
കേരളീയരുടെ നാടാണ്
പൂക്കളും പൂമ്പാറ്റകളും
പച്ചപ്പും നല്ല മനുഷ്യരുടെയും നാട്
തോടും വയലും കുളവും
എല്ലാം ഉള്ള കേരളം ആണ്
തെങ്ങിൻ തോപ്പും വാഴ തോട്ടവും
പൂന്തോട്ടവും എല്ലാമുള്ള നാടാണ്
മലകളും കുന്നുകളും മരങ്ങളും
എല്ലാമുള്ള നാടാണ്
ദൈവത്തിന്റെ നാടാണ്
നല്ല മനുഷ്യരുടെയും നാടാണ്
എല്ലാമുള്ള നാടാണ്
പ്രകൃതി രമണീയമുള്ള നാടാണ്

**സാരംഗി .എൻ**

---

# ശുഭം